**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1861** **11-10-2024 - ൽ മറുപടിയ്ക്ക്**

**വാഹനനികുതിയുടെ ഘടന പുന:പരിശോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആഡംബര ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ കുറഞ്ഞുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. നികുതി കൂടുതലായതുകൊണ്ടാണ് രജിസ്ട്രേഷൻ സംസ്ഥാനത്ത് കുറഞ്ഞുവരുന്നത്. |
| (ബി) | വാഹന നികുതി കുറവായ ഇതര സംസ്ഥാനങ്ങളിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനാൽ സംസ്ഥാനത്തിന് നികുതി നഷ്ടം ഉണ്ടാകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് പകരം വാഹന ഉടമകൾ, കേരളത്തെ അപേക്ഷിച്ച് വാഹന നികുതി കുറവായ ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനാൽ സംസ്ഥാനത്തിന് നികുതി ലഭിക്കാതെ പോകുന്ന സാഹചര്യം നിലവിലുണ്ട്. |
| (സി) | എങ്കിൽ നികുതിനഷ്ടം ഒഴിവാക്കുന്നതിനായി വാഹനനികുതി ഘടന പുന:പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | വാഹനനികുതി ഘടന പുനഃപരിശോധിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ